**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 65** **02-02-2026 - ൽ മറുപടിയ്ക്ക്**

**കിഫ്ബി മുഖേന മത്സ്യമാർക്കറ്റുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. എൻ. കെ. അക്ബർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവൽക്കരണത്തിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവൽക്കരണത്തിനും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ധനസഹായത്തോടെ 145 കോടി രൂപ അടങ്കൽ തുകയിൽ 51 ആധുനിക മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 3 എണ്ണം പൂർത്തീകരിക്കുകയും, 33 എണ്ണം പൂർത്തീകരണഘട്ടത്തിലുമാണ്. 8 എണ്ണത്തിന് വിവിധ തലത്തിലുള്ള അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 7 മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭ്യമാകാനുണ്ട്.<br><br>ഇതുകൂടാതെ നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി (RIDF) ട്രാഞ്ചേ 25 ൽ ഉൾപ്പെടുത്തി കൊല്ലം നെടുമൺകാവ് 502 ലക്ഷം രൂപ അടങ്കൽ തുകയിൽ ഒരു മത്സ്യ മാർക്കറ്റ് നിർമ്മാണം പൂർത്തീകരിച്ചു. സംസ്ഥാന പദ്ധതിയിൽ ആലപ്പുഴ നൂറനാട് 150 ലക്ഷം രൂപയുടെ മത്സ്യ മാർക്കറ്റ് നിർമ്മാണം പൂർത്തീകരിച്ചു. 300 ലക്ഷം രൂപ അടങ്കൽ തുകയിൽ കൊല്ലം ജില്ലയിൽ എഴുകോണിൽ അത്യാധുനിക മാർക്കറ്റ് സമുച്ചയം, കൊല്ലം ജില്ലയിൽ കലയപുരത്ത് 150 ലക്ഷം രൂപയുടെ അത്യാധുനിക മാർക്കറ്റ് നിർമ്മാണം എന്നിവ പുരോഗമിച്ചുവരുന്നു.<br><br>കൂടാതെ കേന്ദ്ര-സംസ്ഥാന സർക്കാർ ധനസഹായത്തോടെ എറണാകുളം ജില്ലയിലെ ആലുവയിൽ 4823.99 ലക്ഷം രൂപ അടങ്കൽ തുകയിൽ അത്യാധുനിക മത്സ്യ മാർക്കറ്റ് സമുച്ചയ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. നിർമ്മാണം പുരോഗമിച്ചു വരുന്നു. കോഴിക്കോട് ജില്ലയിൽ 5517 ലക്ഷം രൂപ അടങ്കൽ തുകയിൽ |

| | | | |
|---|---|---|---|
| | | | അത്യാധുനിക മത്സ്യ മാർക്കറ്റ് സമുച്ചയ നിർമ്മാണത്തിന് അംഗീകാരം നൽകുകയും നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കേന്ദ്ര സംസ്ഥാന സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കുന്ന ഇന്റഗ്രേറ്റഡ് മോഡേൺ കോസ്റ്റൽ ഫിഷിംഗ് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ ചാലിൽ ഗോപാലപേട്ട മത്സ്യഗ്രാമത്തിലെ തലായിൽ 281 ലക്ഷം രൂപ അടങ്കൽ തുകയിൽ മത്സ്യ മാർക്കറ്റ് നിർമ്മിക്കുന്നു.<br><br>കേന്ദ്ര സംസ്ഥാന സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കുന്ന ക്ലൈമറ്റ് റസീലിയന്റ് കോസ്റ്റൽ ഫിഷിംഗ് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ ഞാറക്കൽ മത്സ്യഗ്രാമത്തിൽ 118 ലക്ഷം രൂപ അടങ്കൽ തുകയിൽ അത്യാധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം, ഇടവനക്കാട് മത്സ്യഗ്രാമത്തിൽ 135 ലക്ഷം രൂപ അടങ്കൽ തുകയിൽ അത്യാധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം എന്നിവയും നടപ്പിലാക്കുന്നുണ്ട്. |
| (ബി) | കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തൊട്ടാകെ എത്ര മത്സ്യമാർക്കറ്റുകളുടെ നവീകരണം നടപ്പിലാക്കിയിട്ടുണ്ട്; | (ബി) | കിഫ്ബി ധനസഹായത്തോടെ 145 കോടി രൂപ അടങ്കൽ തുകയിൽ 51 ആധുനിക മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 3 എണ്ണം പൂർത്തീകരിക്കുകയും, 33 എണ്ണം പൂർത്തീകരണ ഘട്ടത്തിലുമാണ്. 8 എണ്ണത്തിന് വിവിധ തലത്തിലുള്ള അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. 7 മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭ്യമാകാനുണ്ട്. |
| (സി) | മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് കിഫ്ബി വഴി 2021-25 വരെ ഏതൊക്കെ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ഇതിൽ ഏതൊക്കെ പദ്ധതികൾക്ക് നിർമ്മാണ അനുമതി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (സി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ധനസഹായത്തോടെ മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ഈ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും 2021-22 സാമ്പത്തിക വർഷത്തിൽ 51 മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണത്തിനായി കിഫ്ബിയിൽ നിന്നും ഫണ്ടിംഗ് സാംഗ്ഷൻ ലഭിച്ചിട്ടുണ്ട്. പ്രസ്തുത മാർക്കറ്റുകളുടെ വിവരം **അനുബന്ധമായി** ചേർക്കുന്നു. തുടർന്ന് നിർമ്മാണ അനുമതി കൂടി കിഫ്ബിയിൽ നിന്നും ലഭ്യമാക്കിയാണ് ഓരോ മാർക്കറ്റിന്റെയും നിർമ്മാണം നടപ്പിലാക്കുന്നത്. 3 മത്സ്യമാർക്കറ്റുകളുടെ |

| | | | |
|---|---|---|---|
| | | | നിർമ്മാണം പൂർത്തിയാകുകയും 33 എണ്ണത്തിന്റെ നിർമ്മാണം അതിവേഗത്തിലായി പുരോഗമിച്ചുവരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### 2021-22 സാമ്പത്തിക വർഷത്തിൽ കിഫ്ബിയിൽ നിന്നും ഫണ്ടിംഗ് സാംഗ് ഷൻ ലഭ്യമായ മത്സ്യ മാർക്കറ്റുകളുടെ വിവരം

| ക്രമ നമ്പർ | മത്സ്യ മാർക്കറ്റ് | അടങ്കൽ തുക (ലക്ഷം) |
|---|---|---|
| | **കിഫ്ബി പദ്ധതി** | |
| 1 | അടൂർ | 200.53 |
| 2 | പുത്തൂർ | 284.26 |
| 3 | പുത്തൻചന്ത | 214.58 |
| 4 | നടുക്കാട് | 251.18 |
| 5 | പൂന്തുറ | 237.92 |
| 6 | പനച്ചമൂട് | 535.77 |
| 7 | നിലക്കാമുക്ക് | 166.76 |
| 8 | കടപ്പാക്കട | 210.639 |
| 9 | പള്ളിമുക്ക് | 320.527 |
| 10 | മൂന്നാംകുറ്റി | 202.054 |
| 11 | സൗത്ത് പരവൂർ | 235.182 |
| 12 | കൊട്ടിയം | 226.22 |
| 13 | ചാത്തന്നൂർ | 528.06 |
| 14 | കടയ്ക്കൽ | 374.43 |
| 15 | കിഴക്കേകല്ലട | 214.42 |
| 16 | പുനലൂർ | 642.75 |
| 17 | തങ്കശ്ശേരി | 320.729 |
| 18 | കൂടൽ | 178.29 |
| 19 | മാങ്കാംകുഴി | 176.13 |
| 20 | ചാലക്കുടി | 350.02 |
| 21 | വക്കം | 195.786 |
| 22 | വാമനപുരം | 439.32 |
| 23 | പഴയകുന്നുമ്മേൽ | 358.10 |
| 24 | കടക്കാവൂർ | 265.83 |
| 25 | നെയ്യാറ്റിൻകര | 478.4 |
| 26 | അഞ്ചൽ | 472.314 |
| 27 | കാവനാട് | 245.08 |
| 28 | പത്തനാപുരം | 181.814 |
| 29 | കുലശേഖരപുരം | 340.83 |
| 30 | പാരിപ്പള്ളി | 302.63 |
| 31 | കൊട്ടാരക്കര | 506.67 |

| | | |
|---|---|---|
| 32 | കുമ്പഴ | 227.31 |
| 33 | മണ്ണഞ്ചേരി | 175.05 |
| 34 | ചേർത്തല | 307.6 |
| 35 | താമരക്കുളം | 227.52 |
| 36 | ചെത്തി | 170.35 |
| 37 | ഇടക്കൊച്ചി | 143.26 |
| 38 | നായരമ്പലം | 276.49 |
| 39 | കുന്നംകുളം | 466.40 |
| 40 | കാഞ്ഞിരംകുളം | 246.95 |
| 41 | ആലുംമൂട് | 175.25 |
| 42 | വെള്ളയിൽ | 373.22 |
| 43 | വിളവൂർക്കൽ | 107.50 |
| 44 | പൂന്നമൂട് | 452.4 |
| 45 | ശാസ്താംകോട്ട | 215.85 |
| 46 | കരിപ്പൂഴ | 173.28 |
| 47 | കണ്ണപുരം | 116.91 |
| 48 | പഴയങ്ങാടി | 142.22 |
| 49 | ന്യൂമാഹി | 129.20 |
| 50 | പൊന്നാനി | 170.07 |
| 51 | കാഞ്ഞങ്ങാട് | 301.48 |
| | **സംസ്ഥാന പദ്ധതി** | |
| 1 | നൂറനാട് | 150.00 |
| 2 | കലയപുരം | 150.00 |
| 3 | എഴുകോൺ | 300.00 |
| | **കേന്ദ്ര പദ്ധതി** | |
| 1 | ആലുവ | 4823.99 |
| 2 | കോഴിക്കോട് | 5517.00 |
| | **IMCFV പദ്ധതി** | |
| 1 | തലായി മത്സ്യ മാർക്കറ്റ് | 281.00 |
| | **CRCFV പദ്ധതി** | |
| 1 | ഞാറക്കൽ മത്സ്യ മാർക്കറ്റ് | 118.00 |
| 2 | ഇടവനക്കാട് മത്സ്യ മാർക്കറ്റ് | 135.00 |
| | **നബാർഡ് പദ്ധതി** | |
| 1 | നെട്ടുമൺകാവ് | 502.00 |

**സെക്ഷൻ ഓഫീസർ**